ഉത്തരം

(എ) ജനകീയാസൂത്രണത്തിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ ശ്രീ. എം. സുബ്രഹ്മണ്യ അയ്യരെ അന്വേഷണ വിധേയനായി ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അസോസിയേറ്റ് പ്രൊഫസറായ ഡോ. ആർ. ഗോപിനാഥന് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഗാലസ "....." പദ്ധതി നടപ്പിലാക്കുന്നതിൽ സർവ്വകലാശാലയുടെ അനുമതി കൂടാതെ പണം കൈപ്പറ്റിയെന്നുള്ളതിനാണ് നോട്ടീസ് നല്കിയിട്ടുള്ളത്.

(സി) ഏഴ് ദിവസത്തിനകം മറുപടി നല്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

(ഡി) നല്കി.

(ഇ) ബാധകമല്ല.

(എഫ്) ഷോക്കോസ് നോട്ടീസിന്റെയും മറുപടിയുടെയും കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

കേരള കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. നടപ്പാക്കിയതിനോടനുബന്ധിച്ചുള്ള ക്രമക്കേടുകൾ

96 (2545) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. സി. പി. മുഹമ്മദ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ യു. ജി. സി. നടപ്പാക്കിയതിനോടനുബന്ധിച്ച് ക്രമരഹിതമായി എന്ത് തുകയ്ക്കുള്ള ആനുകൂല്യം അവിടത്തെ ടീച്ചിംഗ് സ്റ്റാഫിന് നല്കിയതായാണ് ഫൈനാൻസ് ഇൻസ്പെക്ഷൻവിംഗ് പ്രസ്തുത സർവ്വകലാശാലയുടെ ഇതു സംബന്ധിച്ച നടപടികൾ പരിശോധിച്ചശേഷം റിപ്പോർട്ട് നല്കിയത് ;

(ബി) ഇപ്രകാരം ക്രമരഹിതമായി അധിക തുക ലഭിച്ചവരിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അഡീഷണൽ പ്രൊഫസർ എന്നീ ഗ്രേഡിലുള്ളവർക്കും ലക്ചർമാർക്കും കുടിശ്ശികയിനത്തിൽ ശരാശരി എന്തു തുകയുടെ പ്രയോജനം ഉണ്ടായി ;

(സി) ഇപ്രകാരം ക്രമരഹിതമായി അധിക തുക നല്കിയതിന്റെ ഫലമായി വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് പ്രതിവർഷം ആവർത്തനചെലവായി എന്ത് തുകയുടെ അധിക ചെലവ് വരുന്നുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്രമരഹിതമായി സർവ്വകലാശാല നല്കിയ തുക തിരിച്ച് പിടിക്കുവാൻ ഉത്തരവായിട്ടുണ്ടോ ; എങ്കിൽ തിരിച്ചുപിടിച്ചുവോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് യു.ജി.സി. അദ്ധ്യാപകേതര ജീവനക്കാർക്ക് കോമൺ റേഷ്യോ എന്നിവ നടപ്പിലാക്കിയതുമൂലം ഉദ്ദേശം 20 കോടി രൂപയോളം ക്രമരഹിതമായി അധികച്ചെലവ് വന്നിട്ടുണ്ടെന്നാണ് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് മാത്രമായി എത്ര തുക കൂടുതൽ കൊടുത്തിട്ടുണ്ടെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

(ബി) തസ്തികകൾ തിരിച്ച് ശരാശരി തുക കണക്കാക്കിയിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ പരിശോധിക്കുകയും അപ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചവരുടെ ഉദ്ദേശ തുക മൊത്തം കണക്കാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

(സി-ഇ) സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി നിയോഗിച്ച സബ് കമ്മിറ്റി ഇക്കാര്യം പരിശോധിച്ചുവരികയാണ്.

ക്രമരഹിതമായി യു.ജി.സി. നടപ്പാക്കിയത് അന്വേഷിക്കുന്ന സമിതി

97 (2546) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിന് ക്രമരഹിതമായി യു.ജി.സി. സ്കെയിൽ നടപ്പാക്കിയ സമയത്ത് പ്രസ്തുത സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഡോക്ടർ എഫ്.എം.എച്ച്. ഖലീൽ അംഗമായിരുന്നുവോ ;

(ബി) ഇതേ ആൾ തന്നെ പ്രസ്തുത സർവ്വകലാശാലയിൽ ക്രമരഹിതമായി മൂന്നാം യു.ജി.സി. നടപ്പാക്കിയതിനെപ്പറ്റി പരിശോധിക്കുവാനും തെറ്റ് പരിഹരിക്കുവാനും നിയോഗിച്ച കമ്മിറ്റിയിൽ അംഗമാണോ ;

(സി) ആണെങ്കിൽ പ്രസ്തുത സബ് കമ്മിറ്റിയെ ഏല്പിച്ച കർത്തവ്യം നിർവഹിച്ചു എന്നും ടിയാന്റെ സംഭാവനകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡോ. എഫ്.എം. എച്ച്. ഖലീൽ യു.ജി.സി. സ്കെയിൽ നടപ്പാക്കിയ സമയത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly